311/ഇ1/2021/ഐ.കെ.എം

**ഇൻഫർമേഷൻ കേരള മിഷൻ**
**റ്റി സി. നം. 25/3264(1) സ്വരാജ് ഭവൻ,**
**നന്തൻകോട്, കവടിയാർ പി. ഒ തിരുവനന്തപുരം – 695 003**
**ഫോൺ: 0471-2312230**

നമ്പർ. 266/ഇ1/2021/ഐ.കെ.എം 15.03.2021

**സർക്കുലർ**

വിഷയം:- ഇൻഫർമേഷൻ കേരള മിഷൻ - ഹാജർ സംവിധാനം കുറ്റമറ്റമാക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ച നിർദ്ദേശങ്ങളിൽ - ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച്

സൂചന:- 30.01.2021 ലെ 119/ഇ1/2021/ഐ.കെ.എം നമ്പർ സർക്കുലർ

ഇൻഫർമേഷൻ കേരള മിഷൻ ഓഫീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി, 01.02.2021 മുതൽ ഹാജർ നിലവാരം കർശനമായി പാലിക്കുന്നതിന് തീരുമാനിക്കുകയും, ആയതുപ്രകാരം രാവിലെ 10.30 ന് ശേഷമുള്ള ജീവനക്കാരുടെ 3 വൈകി വരവുകൾക്ക് ഒരു കാഷ്വൽ ലീവായി എന്ന നിരക്കിൽ കുറവ് ചെയ്യുന്നതാണ് എന്നും, ജീവനക്കാരന്റെ ലീവ് അക്കൗണ്ടിൽ കാഷ്വൽ ലീവ് ഇല്ലാതെ വന്നാൽ Earned leave, Half pay leave, Commutted leave, LWA എന്നിവയിലേതെങ്കിലും അനുവദിച്ച് സർവ്വീസ് ക്രമവല്ക്കരിക്കുന്നതിന് ജീവനക്കാരൻ അപേക്ഷ സമർപ്പിക്കേണ്ടതാണ് എന്നും മേൽസൂചന പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

എന്നാൽ KSR Part 1, Rule 14 ലെ Note 1, 2 പ്രകാരം 3 ദിവസം വൈകി വരുന്ന ജീവനക്കാരന് ഒരു ദിവസത്തെ കാഷ്വൽ ലീവ് കുറവ് ചെയ്യുന്നതിനും, അക്കൗണ്ടിൽ കാഷ്വൽ ലീവ് ഇല്ലാത്തപക്ഷം, ജോലിക്ക് താമസിച്ച ഹാജരായ ഉദ്യോഗസ്ഥനെതിരെ നിയമാനുസൃതമായ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ് എന്നും, അല്ലാതെ മറ്റേതെങ്കിലും അവധി ഇക്കാര്യത്തിൽ കുറവ് ചെയ്യാൻ വ്യവസ്ഥയില്ല എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സൂചനയിലെ സർക്കുലർ KSR Part 1, Rule 14 ലെ Note 1, 2 ൽ നിഷ്കർഷിച്ചിട്ടുള്ളതുപ്രകാരം ഭേദഗതി വരുത്തി നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകുന്നു.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

എല്ലാ ജീവനക്കാർക്കും